# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

## ബുള്ളറ്റിൻ ഭാഗം- 2

2018 ഏപ്രിൽ - 02

നമ്പർ: 449

## നിയമസഭാ പ്രസിദ്ധീകരണങ്ങളുടെ പ്രകാശനം, വജ്രജൂബിലി പ്രഭാഷണ പരിപാടി

നിയമസഭാ വജ്രജൂബിലി ആഘോഷങ്ങളുടെ ഭാഗമായി, പാർലമെന്ററി പഠന പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ 2018 ഏപ്രിൽ 04 ബുധനാഴ്ച്ച വൈകുന്നേരം 03.00 മണിക്ക് (സഭാ സമ്മേളനത്തിന് ശേഷം) നിയമസഭാ സമുച്ചയത്തിലെ ആർ. ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിൽ സംഘടിപ്പിക്കുന്ന ചടങ്ങിൽ, ലോക്സഭാ സെക്രട്ടേറിയേറ്റിന്റെ പ്രസിദ്ധീകരണമായ 'പാർലമെന്ററി പ്രാക്ടീസ് ആന്റ് പ്രൊസീഡിയർ (ശക്ധർ & കൗൾ)' എന്ന ഗ്രന്ഥത്തിനു സമാനമായി നിയമസഭാ സെക്രട്ടേറിയേറ്റ് തയ്യാറാക്കിയിട്ടുള്ള 'കേരള നിയമസഭ - നടപടിക്രമവും കീഴ്വഴക്കങ്ങളും' എന്ന റഫറൻസ് ഗ്രന്ഥം ഉൾപ്പെടെ ഏഴ് ഗ്രന്ഥങ്ങളുടെ പ്രകാശനം ബഹു. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ നിർവഹിക്കുന്നതാണ്. ബഹു. സ്പീക്കർ ശ്രീ.പി. ശ്രീരാമകൃഷ്ണൻ അദ്ധ്യക്ഷത വഹിക്കുന്ന പരിപാടിയിൽ ബഹു. ഡെപ്യൂട്ടി സ്പീക്കർ ശ്രീ. വി. ശശി സ്വാഗതം ആശംസിക്കുന്നതും ബഹു. പ്രതിപക്ഷ നേതാവ് ശ്രീ. രമേശ് ചെന്നിത്തല മുഖ്യ പ്രഭാഷണം നടത്തുന്നതുമാണ്.

തുടർന്ന് 'കരുത്താർജ്ജിക്കുന്ന ഭരണനിർവ്വഹണ സംവിധാനവും ദുർബലമാകുന്ന നിയമനിർമ്മാണ സഭകളും - ഭരണഘടനാക്രമം നേരിടുന്ന വെല്ലുവിളി' എന്ന വിഷയത്തിൽ മുൻ ലോക്സഭാ സെക്രട്ടറി ജനറൽ ശ്രീ പി.ഡി.റ്റി. ആചാരി വജ്രജൂബിലി പ്രഭാഷണം നടത്തുന്നതാണ്.

വി. കെ. ബാബുപ്രകാശ്
സെക്രട്ടറി